LIBRARY ARCHIVES Kerala Legislative Assembly

(ഡി) കരാറുകാർക്കുള്ള കുടിശ്ശിക ഉൾപ്പെടെ സർക്കാരിന് അടിയന്തരമായി കൊടുത്തുതീർക്കേണ്ട ബാദ്ധ്യതകൾ ഏതെല്ലാമാണെന്നത് സംബന്ധിച്ച വിശദാംശം നൽകുമോ?

പൊതുമരാമത്ത് വകുപ്പിൽ 2020 ജൂലൈ 31 വരെയുള്ള കുടിശ്ശികയും ജലവിഭവ വകുപ്പിൽ 2020 ആഗസ്റ്റ് 31 വരെയുള്ള കുടിശ്ശികയും കരാറുകാർക്ക് നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 1046 കോടി രൂപയുടെയും ജലവിഭവ വകുപ്പിൽ 206 കോടി രൂപയുടെയും കുടിശ്ശിക നിലവിലുണ്ട്. കേന്ദ്രീകൃത സീനിയോറിറ്റി സംവിധാനംവഴിയാണ് ഈ വകുപ്പുകളിലെ കരാറുകാരുടെ കുടിശ്ശിക തീർപ്പാക്കിവരുന്നത്. കരാറുകാർക്ക് ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനവും സ്വീകരിക്കാവുന്നതാണ്.

സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്താൻ നടപടി

64(333) ശ്രീ. പി. ടി. തോമസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിന്റെയും ഡീസലിന്റെയും വില അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവയെ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ എന്ന് വ്യക്തമാക്കുമോ?

പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യ മുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപ്പന നികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽ പോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. ഉചിതമായ നഷ്ടപരിഹാരം

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുകയാണെങ്കിൽ മാത്രമെ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്ന ചർച്ചകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നാണ് സർക്കാരിന്റെ നിലപാട്.

(ബി) പെട്രോളും മദ്യവും ജി.എസ്.ടി-യിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാനത്തെ സാമ്പത്തിക നില തകരുമെന്നത് വസ്തുതയാണോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ?

നിലവിൽ പെട്രോളിന് ചുമത്തുന്ന നികുതി 30.08%-വും വിവിധ ഇനം മദ്യങ്ങൾക്ക് വിൽപ്പന നികുതി 37 മുതൽ 237 ശതമാനംവരെയുമാണ്. എന്നാൽ ചരക്കുസേവന നികുതി നിയമ പ്രകാരം സംസ്ഥാനത്തിന് പരമാവധി ചുമത്താവുന്ന നികുതി 28% മാത്രമാണ്. അതിനാൽ മേൽനിരക്കുകളിലെ വ്യത്യാസത്തിന് ആനുപാതികമായി പെട്രോളിൽനിന്നും മദ്യത്തിൽനിന്നുമുള്ള നികുതി വരുമാനത്തിൽ കുറവ് വരുന്നതാണ്. ഇപ്രകാരം നികുതി വരുമാനത്തിൽ വരുന്ന കുറവ് കേന്ദ്ര സർക്കാർ നികത്തിയില്ലെങ്കിൽ അത് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ ബാധിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ നികുതി പിരിവ് മെച്ചപ്പെടുത്തുന്നതിന് പകരം ഇന്ധന നികുതിയും മദ്യവും പ്രധാന വരുമാന സ്രോതസ്സായി സംസ്ഥാനം കാണുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ സുദൃഢമല്ല എന്നതിന്റെ തെളിവല്ലേ; ഇത് മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

പെട്രോൾ, ഡീസൽ, മദ്യം എന്നിവയ്ക്ക് നിലവിൽ നികുതി നിശ്ചയിക്കുന്നതിന് സംസ്ഥാനത്തിന് പൂർണ്ണ അധികാരമാണുള്ളത്. ചരക്കുസേവന നികുതി നിലവിൽ വന്നതിനുശേഷം വളരെയധികം ഉൽപ്പന്നങ്ങളുടെ നികുതി നിരക്കിൽ കുറവ് വരുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നികുതി പിരിവ് മെച്ചപ്പെടുത്തുന്നതിന് ചരക്കുസേവന നികുതി വകുപ്പിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അതിന്റെ ഭാഗമായി ചരക്കുസേവന നികുതി നിയമ പ്രകാരം സമർപ്പിച്ചിരിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധനയ്ക്കും ആഡിറ്റിനും വിധേയമാക്കി നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കണ്ടെത്തുവാനും നികുതി നിർണ്ണയം നടത്താനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജി.എസ്.ടി. പൂർണ്ണമായും വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിസ്റ്റുകൾ രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം അതിർത്തിവഴിയുള്ള കള്ളക്കടത്ത് തടയുന്നതിനുവേണ്ടിയും സംശയാസ്പദമായ വാഹനങ്ങളുടെ പരിശോധനയ്ക്കായും ചെക്ക് പോസ്റ്റുകളിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ഇ-വേ ബിൽ ആർ.എഫ്.ഐ.ഡി., ഫാസ്റ്റാഗ് തുടങ്ങിയവയുമായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ ഇ-വേ ബില്ലിൽ ലഭ്യമായിട്ടുള്ള വിവരങ്ങളുമായി യഥാസമയം പരിശോധിക്കാനുള്ള സൗകര്യം ലഭ്യമാണ്. ഇപ്രകാരമുള്ള നടപടികളിലൂടെ 2020 ഡിസംബർ മുതൽ 2021 ഏപ്രിൽവരെയുള്ള കാലയളവിൽ കോവിഡിന്റെ പശ്ചാത്തലത്തിലും ചരക്കുസേവന നികുതിയിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്.

കോവിഡുമൂലമുള്ള സാമ്പത്തിക പ്രതിസന്ധി

65(334) ശ്രീ. റോജി എം.ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡിന്റെ രണ്ടാം തരംഗത്തെത്തുടർന്ന് നടപ്പിലാക്കിയ സമ്പൂർണ്ണ ലോക്ക്ഡൗൺ, ട്രിപ്പിൾ ലോക്ക്ഡൗൺ എന്നിവ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ ഏതൊക്കെ തരത്തിലാണ് ബാധിച്ചതെന്ന് വിശദമാക്കുമോ;

(ബി) വ്യവസായം, ടൂറിസം, ഹോട്ടൽ, കെട്ടിട നിർമ്മാണം, തീർത്ഥാടനം തുടങ്ങിയ സേവന മേഖലകൾ നിശ്ചലമായത് സംസ്ഥാന വരുമാനത്തെ ഏത് തരത്തിലാണ് ബാധിച്ചിരിക്കുന്നത്; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

(എ&ബി) കോവിഡിന്റെ രണ്ടാം തരംഗത്തെത്തുടർന്ന് നടപ്പിലാക്കിയ സമ്പൂർണ്ണ ലോക്ക്ഡൗൺ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ സൃഷ്ടിച്ച ആഘാതം സംബന്ധിച്ച ആധികാരികമായ രേഖകളൊന്നും നിലവിൽ ലഭ്യമല്ല. അതേസമയം ആയതിന്റെ പ്രതികൂല ഫലങ്ങൾ സമ്പദ് വ്യവസ്ഥയിലെ സമസ്ത മേഖലകളിലും പ്രകടമാണ്. 2020-21-ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം (ജി.എസ്.ഡി.പി.) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക